**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2947** **18-03-2022 - ൽ മറുപടിയ്ക്ക്**

**തടാകങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തണ്ണീർത്തടങ്ങളും കായലുകളും അഴിമുഖങ്ങളും പൂക്കോട്, ശാസ്താംകോട്ട, വെള്ളായണി തുടങ്ങിയ സ്വാഭാവിക ശുദ്ധജല തടാകങ്ങളും ഒപ്പം നിലവിലുള്ള മുപ്പത്തി രണ്ടോളം കൃത്രിമ തടാകങ്ങളും സംരക്ഷിക്കാനും കടന്നുകയറ്റം ഒഴിവാക്കാനും പ്ലാസ്റ്റിക് വിമുക്തമാക്കാനുമായി മുൻ സർക്കാരും നിലവിലെ സർക്കാരും നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | കേരളത്തിലെ തണ്ണീർത്തടങ്ങളുടെ സംരക്ഷ ണവും മാനേജ്മെന്റും സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി (SWAK) പ്രവർത്തിക്കുന്നു. പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാന വകുപ്പാണ് ഇതിന്റെ നോഡൽ വകുപ്പ്. കേരളത്തിലെ പ്രധാന തണ്ണീർത്തടങ്ങൾ വിജ്ഞാപനം ചെയ്യാനുള്ള നടപടികൾ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിൽ നടന്നു വരുന്നു. വിജ്ഞാപനത്തിനു ശേഷം തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ, 2017 ന്റെ പരിധിയിൽ വരുന്ന തണ്ണീർത്തടങ്ങൾക്കു ഈ ചട്ടങ്ങൾ പ്രകാരമുള്ള സംരക്ഷണവും നിയന്ത്രണങ്ങളും വരുന്നതാണ്. റാംസർ തണ്ണീർതടങ്ങളായ വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട എന്നിവയിൽ തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017 ന്റെ ഭാഗമായി മാലിന്യം നിക്ഷേപിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും തദ്ദേശ സ്വയം ഭരണ വകുപ്പിനും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും കർശന നിർദേശം നൽകിയിട്ടുണ്ട്. വെള്ളായണി ശുദ്ധജല തടാകത്തിന്റെ പുന:രുജ്ജീവന പ്രവൃത്തികൾക്കായി 96.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വ്യത്യസ്ത കൃഷിരീതികൾ അവലംബിയ്ക്കുന്ന കോൾ, പൊക്കാളി, കൈപ്പാട് നിലങ്ങൾ സംസ്ഥാനത്തെ അഴിമുഖങ്ങളുമായി ബന്ധപ്പെട്ടവയായതിനാൽ അവയെ സംരക്ഷിക്കാനും കൃഷി വികസിപ്പിക്കാനുമായി ജലവിഭവ വകുപ്പ് പ്രസ്തുത മേഖലാ സംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ? | (ബി) | കോൾ, പൊക്കാളി, കൈപ്പാട് നിലംകൃഷിയുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളൊന്നും തന്നെ, നിലവിൽ ജലവിഭവ വകുപ്പിന് കീഴിൽ ഏറ്റെടുത്ത് നിർവ്വഹിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ